**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2436** **07-07-2022 - ൽ മറുപടിയ്ക്ക്**

**ട്രഷറി ഉദ്യോഗസ്ഥരുടെ സാമ്പത്തിക തട്ടിപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചില ട്രഷറി ഉദ്യോഗസ്ഥർ മുതിർന്ന പൗരന്മാരുടെയും തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുൾപ്പെടെയുള്ള നിർധനരുടെയും അക്കൗണ്ടുകളിൽ സാമ്പത്തിക തട്ടിപ്പുകൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | തൊഴിലുറപ്പ് പദ്ധതി ജീവനക്കാരുടെ വേതനം വിതരണം ചെയ്യുന്നത് ട്രഷറി മുഖാന്തിരമല്ലാത്തിനാൽ അവരുടെ അക്കൗണ്ടുകളിൽ ക്രമക്കേട് നടന്നിട്ടുള്ളതായി ട്രഷറി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ 8 ട്രഷറികളിലായി മുതിർന്ന ചില പൗരന്മാരുടെ അക്കൗണ്ടുകളിൽ ചില ട്രഷറി ഉദ്യോഗസ്ഥർ നടത്തിയ സാമ്പത്തിക തട്ടിപ്പുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. സബ് ട്രഷറി കൊടുവള്ളി**<br><br>2016-17 കാലയളവിൽ കൊടുവള്ളി സബ് ട്രഷറിയിൽ TSB/PTSB അക്കൗണ്ട് ഉടമകൾ സമർപ്പിച്ച ചെക്കുകളിൽ പ്രസ്തുത ട്രഷറിയിൽ ജൂനിയർ അക്കൗണ്ടന്റായിരുന്ന ശ്രീ.കെ.പി.രാജീവ്, 36,000/- രൂപയുടെ തിരിമറി നടത്തി പണം അപഹരിക്കുകയുണ്ടായി. ഇതിന്റെ പേരിൽ ടിയാനെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. ഇടപാടുകാർക്ക് നഷ്ടപ്പെട്ട പ്രസ്തുത തുക ടിയാൻ തിരികെ നൽകിയിട്ടുണ്ട്.<br><br>**2. ജില്ലാ ട്രഷറി, കണ്ണൂർ**<br><br>2017-2021 കാലയളവിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് നമ്പരുകളിൽ തിരുത്തൽ വരുത്തി ടി അക്കൗണ്ടുകളിൽ നിന്ന് 7,85,336/- രൂപ സീനിയർ അക്കൗണ്ടന്റായ ശ്രീ.നിതിൻ രാജ് ചെല്ലേട്ടൻ, അപഹരിക്കുകയുണ്ടായി. ടിയാനെഅന്വേഷണ വിധേയമായി സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. ടിയാനെതിരെ വകുപ്പുതല ഫോർമൽ എൻക്വയറി നടന്നുവരുന്നു. |

**3. സബ് ട്രഷറി ചങ്ങരംകുളം & പൊന്നാനി**

2018 ൽ ചങ്ങരംകുളം, പൊന്നാനി സബ് ട്രഷറികളിലെ സ്റ്റോക്കിൽ ചേർത്ത 54 സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ അപഹരിച്ചും ചങ്ങരംകുളം സബ് ട്രഷറിയിൽ സമർപ്പിച്ച 17 ചെക്കുകളിൽ തിരിമറി നടത്തിയും 14,50,375/- രൂപ ജൂനിയർ അക്കൗണ്ടന്റായ ശ്രീ.കെ.സന്തോഷ് അപഹരിച്ചതിനെ തുടർന്ന് ടിയാനെ സസ്പെൻഡ് ചെയ്തിരുന്നു. സസ്പെൻഷനിലിരിക്കെ ടിയാൻ മരണപ്പെടുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ മേൽ നോട്ടത്തിൽ വന്ന വീഴ്ച നിമിത്തം ചുവടെ ചേർക്കുന്ന ജീവനക്കാരെ അന്വേഷണ വിധേയമായി സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

(i)ശ്രീമതി.സന്ധ്യ.പി.നായർ, സബ് ട്രഷറി ഓഫീസർ, ചങ്ങരംകുളം

(ii) ശ്രീമതി.പി.ഹേമലത, സബ് ട്രഷറി ഓഫീസർ, പൊന്നാനി

(iii) ശ്രീ.പി.അനിൽകുമാർ, ജൂനിയർ സൂപ്രണ്ട്, സബ് ട്രഷറി പൊന്നാനി.

(iv) ശ്രീ.മൻസൂർ.അലി, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ്, സബ് ട്രഷറി ചങ്ങരംകുളം

(v) ശ്രീ.റ്റി.ആർ.ശ്രീജിത്ത്, ജൂനിയർ അക്കൗണ്ടന്റ്, സബ് ട്രഷറി, പൊന്നാനി.

(vi) ശ്രീ.കെ.സന്തോഷ്, ജൂനിയർ അക്കൗണ്ടന്റ്(സൂപ്പർന്യൂമററി) സബ് ട്രഷറി ചങ്ങരംകുളം.

ടി കേസിൽ സർക്കാരിനുണ്ടായ നഷ്ടം പരേതനായ കെ.സന്തോഷിന്റെ ആനുകൂല്യങ്ങളിൽ നിന്ന് ഈടാക്കുന്നത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു.

**4. സബ് ട്രഷറി ചേലക്കര**

2019 ൽ ശ്രീ.വി.എം.ഇബ്രാഹിം എന്ന പെൻഷണറുടെ പേരിലുള്ള ചെക്ക് ലീഫുകൾ ഉപയോഗിച്ച് വിവിധ ട്രഷറികളിൽ നിന്നായി 1,40,000/- രൂപ സീനിയർ അക്കൗണ്ടന്റായ ശ്രീ.റ്റി.വി.അജിത്കുമാർ അനധികൃതമായി പിൻവലിച്ചു. ടിയാനെ സർവീസിൽ നിന്ന് ഡിസ്മിസ് ചെയ്യുകയും സർക്കാരിനു നഷ്ടപ്പെട്ട തുക തിരികെ

ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടിആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**5.സബ് ട്രഷറി കരുവാരക്കുണ്ട്**

2019-2020 കാലയളവിൽ പെൻഷണറായ ശ്രീമതി.എ.എൻ സരസ്വതിയമ്മയുടെ പേരിൽ വ്യാജമായി സൃഷ്ടിച്ച ഓൺലൈൻ അക്കൗണ്ട് ദുരുപയോഗം ചെയ്ത് ടിയാരിയുടെ അക്കൗണ്ടിൽ നിന്ന് പല തവണകളിലായി സ്വന്തം അക്കൗണ്ടിലേയ്ക്ക് 2,88,500/- രൂപ ഓഫീസ് അറ്റൻഡന്റായ ശ്രീ.വി.റ്റി.പ്രകാശ്, ഓൺലൈനായി വരവുവച്ച് അപഹരിച്ചു. ടിയാനെ സർവീസിൽ നിന്ന് ഡിസ്മിസ് ചെയ്തിട്ടുണ്ട്.

**6.അഡീഷണൽ സബ് ട്രഷറി, വഞ്ചിയൂർ**

വിരമിച്ച സബ് ട്രഷറി ഓഫീസറുടെ പാസ് വേഡ് ദുരുപയോഗം ചെയ്ത് 2020 ൽ സീനിയർ അക്കൗണ്ടന്റായ ശ്രീ.എം.ആർ ബിജുലാൽ തന്റെ അക്കൗണ്ടിലേയ്ക്ക് അനധികൃതമായി തുക വരവുവയ്ക്കുകയും 43,49,282/- രൂപ അപഹരിക്കുകയും ചെയ്തു. ടിയാനെ സർവീസിൽ നിന്ന് ഡിസ്മിസ് ചെയ്തിട്ടുണ്ട്.

**7.ജില്ലാ ട്രഷറി പത്തനംതിട്ട**

2020-2021 കാലയളവിൽ പത്തനംതിട്ട ജില്ലാ ട്രഷറിയിൽ വ്യാജ TSB അക്കൗണ്ട് ആരംഭിക്കുകയും മരണപ്പെട്ട പെൻഷണറായ അംബുജാക്ഷിയുടെ അക്കൗണ്ടിലുള്ള തുക അനധികൃതമായി വരവുവയ്ക്കുകയും 8,13,000/- രൂപ വിവിധ ട്രഷറികളിൽ നിന്ന് പിൻവലിയ്ക്കുകയുമുണ്ടായി. ടി വിഷയവുമായി ബന്ധപ്പെട്ട് ശ്രീ.റെഞ്ചി.കെ.ജോൺ, സബ് ട്രഷറി ഓഫീസർ, ശ്രീ.കെ.ജി.ദേവരാജൻ, ജൂനിയർ സൂപ്രണ്ട്, ശ്രീ.സി.ടി.ഷഹീർ, ട്രഷറർ, ശ്രീ.ആരോമൽ അശോകൻ, ജൂനിയർ സൂപ്രണ്ട് എന്നിവരെ സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പുതല ഫോർമൽ എൻക്വയറിയ്ക്ക് ഉത്തരവായിട്ടുണ്ട്.

**8. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, നെയ്യാറ്റിൻകര**

2020-2022 കാലയളവിൽ കറുകച്ചാൽ സബ് ട്രഷറിയിലെ പെൻഷണറായ ശ്രീമതി.കെ.കമലമ്മയുടെ അക്കൗണ്ടിൽ നിന്നും 18,000/- രൂപ പ്രസ്തുത ട്രഷറിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.ആർ.യു.അരുൺ നെയ്യാറ്റിൻകര

| | | | |
|---|---|---|---|
| | | | പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയിൽ നിന്ന് അനധികൃതമായി പിൻവലിച്ചു.<br><br>ഇതേ ട്രഷറിയിൽ പെൻഷണറായിരുന്ന എ.ജെ ഓമന മരണപ്പെട്ട ശേഷം ടിയാരിയുടെ അക്കൗണ്ടിൽനിന്നും അനധികൃതമായി 2,25,200/- രൂപ പിൻവലിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന ജീവനക്കാരെ സസ്പെൻഡ് ചെയ്തിരുന്നു. ശ്രീ.സി.മണി, സബ് ട്രഷറി ഓഫീസർ, ശ്രീ.ആർ.യു.അരുൺ, ജൂനിയർ സൂപ്രണ്ട്, ശ്രീ.എ.അബ്ദുൾ റസാക്ക്, ട്രഷറർ, ശ്രീമതി.റ്റി.എ.ജസ്ന, ജൂനിയർ അക്കൗണ്ടന്റ്, ശ്രീമതി.നിഷ.എ.ആർ, ജൂനിയർ അക്കൗണ്ടന്റ്. |
| (ബി) | കഴിഞ്ഞ സർക്കാരും ഈ സർക്കാരും ഇത്തരത്തിൽ തട്ടിപ്പ് നടത്തിയ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വിശദമാക്കുമോ; | (ബി) | ഉത്തരം 'എ' പിരിവിൽ ചേർത്തിട്ടുള്ളതാണ്. |
| (സി) | ട്രഷറികളിലൂടെയുള്ള ക്രയവിക്രയം കുറ്റമറ്റതാക്കുവാനും പരാതിക്കാരുടെ പ്രശ്നങ്ങൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | ട്രഷറി ഇടപാടുകൾക്കായി സമ്പൂർണ്ണ കമ്പ്യൂട്ടറൈസ്ഡ് സംവിധാനമായ IFMS നടപ്പിലാക്കിയിട്ടുണ്ട്. ട്രഷറികളിൽ ഉപയോഗിക്കുന്ന എല്ലാ ആപ്ലിക്കേഷനുകളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനായി UMAS 2.0 എന്ന യൂസർ സെക്യൂരിറ്റി മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.IP Binding ലോഗിനാണ് ജീവനക്കാർക്ക് ഉള്ളത്. സംസ്ഥാനത്തെ മുഴുവൻ ട്രഷറികളെയും ISO 27001 : 2013 സുരക്ഷ സർട്ടിഫിക്കറ്റിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പരാതി പരിഹരിക്കുന്നതിനായി Help desk സംവിധാനവും ഗ്രീവൻസ് സെല്ലും പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ 9496066000 എന്ന വാട്ട്സ് ആപ്പ് നമ്പർ മുഖാന്തിരവും പൊതുജനങ്ങൾക്ക് സംശയം ദൂരീകരിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ